# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1200 05.03.2018-ൽ മറുപടിയ്ക്ക്**

## മണലൂർ മണ്ഡലത്തിലെ തീരദേശ കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) 2013-14 വർഷത്തിൽ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി 10.01.2014-ന് ഫിഷറീസ് വകുപ്പ് മന്ത്രി മണലൂർ മണ്ഡലത്തിലെ പാട്ടൂർ ഇടിയഞ്ചിറയിൽ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച തീരദേശ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ; | എ) 2012-13 സാമ്പത്തിക വർഷത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ പാടൂർ ഇടിയഞ്ചിറ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 62.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണോദ്ഘാടനം 10/01/2014 ന് നിർവ്വഹിച്ചിരുന്നു.<br><br>കുടിവെള്ള പദ്ധതിക്കായി കുളം, കിണർ എന്നിവ നിർമ്മിച്ച് പമ്പ് ഹൗസ്, മോട്ടോർ, പമ്പ് സെറ്റ്, ടാങ്ക്, പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാകുന്ന പദ്ധതിയായിരുന്നു വിഭാവനം ചെയ്തിരുന്നത്. കേരള വാട്ടർ അതോറിറ്റി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയിലുൾപ്പെട്ട കുളത്തിന്റെയും കിണറിന്റെയും നിർമ്മാണവും, പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തിയായതിനുശേഷം അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭം മൂലം കുളത്തിനും കിണറിനും ഉപയോഗിക്കാൻ സാധിക്കാത്തവിധത്തിലുള്ള നാശനഷ്ടം സംഭവിച്ചതിനാൽ പദ്ധതി പൂർണ്ണമായ തോതിൽ പ്രവർത്തനക്ഷമമായിരുന്നില്ല. ഇതിനുപകരമായി അടുത്തിടെ കമ്മീഷൻ ചെയ്ത വെങ്കിടങ്ങ് കുടിവെള്ള പദ്ധതിയുടെ ലൈനിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് 28.70 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിലേക്കായി 24.12.2016 ൽ ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിക്കുകയും തുടർന്ന് |

| | | |
|---|---|---|
| | | 22/02/2017-ൽ നിർവ്വഹണ ഏജൻസി സാങ്കേതികാനുമതി നൽകിയാൽ മതിയാകുമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിക്കുകയും ഈ വിവരം കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനിയർ, പി.എച്ച്. ഡിവിഷൻ, തൃശ്ശൂർ - നെ 11.08.2017 ലെ കത്തു മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണെന്ന് കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ? | ബി) വെങ്കിടങ്ങ് കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 62.50 ലക്ഷം രൂപയാണ്. കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി നാളിതുവരെ 45.00 ലക്ഷം രൂപ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 28,58,259/- രൂപ നാളിതുവരെ കേരള വാട്ടർ അതോറിറ്റി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ